"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം, ചേരാനെല്ലൂർ ചർച്ച് യു.പി സ്കൂളിലെ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) അധ്യാപികയായ സിസ്റ്റർ സിജി ദേവസിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4105/2025/GEDN തീയതി,തിരുവനന്തപുരം, 23-06-2025

പരാമർശം:-

1. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 18/11/2024-ലെ റിവിഷൻ അപ്പീൽ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/01/2025-ലെ DGE/26124/2024-E2 നമ്പർ കത്ത്.
3. പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2025-ലെ AEOPBR/700/2024-c നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ചേരാനെല്ലൂർ ചർച്ച് യു.പി സ്കൂളിലെ, ജൂനിയർ ഹിന്ദി (പാർട്ട്-ടൈം) അധ്യാപികയായ സിസ്റ്റർ സിജി ദേവസിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 28/01/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജരായ ഞാൻ എന്റെ കീഴിലെ സ്കൂളുകളിലൊന്നായ ചർച്ച് യുപിഎസ് ഈസ്റ്റ് ചേരാനല്ലൂരിലെ എൽ.ജി ജൂനിയർ ഹിന്ദി (പാർട്ട് ടൈം) അദ്ധ്യാപികയായ ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളി 02/08/2021 ൽ സർവ്വീസിൽ നിന്ന് രാജി വച്ച ഒഴിവിൽ സിസ്റ്റർ സിജി ദേവസിയെ 09/08/2021 മുതൽ എൽ.ജി ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ആയി നിയമിക്കുകയും നിയമന ഉത്തരവുകളും അനുബന്ധ രേഖകളും അംഗീകാരത്തിനായി പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുകയും ചെയ്തു പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രസ്തുത നിയമനം നിരസിച്ചിതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ " എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിധിയിൽ വരുന്ന പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന ചേരാനല്ലൂർ ചർച്ച് യു.പി സ്കൂളിൽ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.

ജോയലിൻ ജോസഫ് മാമ്പിള്ളി 02/08/2021 ൽ രാജിവച്ച ഒഴിവിലേയ്ക്ക് സിസ്റ്റർ സിജി ദേവസിയെ മാനേജർ 09/08/2021 മുതൽ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചർ ആയി നിയമിച്ച സിസ്റ്റർ സിജി ദേവസ്സിയുടെ നിയമനം നടന്നിരിക്കുന്ന ഒഴിവ് സംജാതമാകാൻ കാരണമായി കാണിച്ചിരിക്കുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളിയുടെ നിയമനം, രാജി എന്നിവ അംഗീകരിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ ടി നിയമനം നിരസിച്ചു. ആയതിനെത്തുടർന്ന് മാനേജർ അപ്പീൽ സമർപ്പിച്ചു. മാനേജർ സമർപ്പിച്ച അപ്പീൽ ചേരാനല്ലൂർ ചർച്ച് യുപി സ്കൂൾ 2021-2022 വർഷം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളാണ് അത്തരത്തിലുള്ള സ്കൂളുകളിൽ ദിവസവേതന നിയമനം മാത്രമേ സാദ്ധ്യമാകൂ. 2021-2022 അദ്ധ്യയന വർഷം സ്കൂളുകൾ റഗുലർ ആയി പ്രവർത്തനം ആരംഭിച്ചത് 01/11/2021ലാണ്. ആയതിനാൽ നിയമനത്തിയതി മുതലുള്ള ദിവസവേതന നിയമനം അംഗീകരിക്കാൻ സാധിക്കുന്നതല്ല. മാനേജർ ശമ്പള സ്കെയിലിൽ അടിസ്ഥാനത്തിൽ നടത്തിയ നിയമനവും പരിഗണിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ സിസ്റ്റർ സിജി ദേവസിയുടെ 09/08/2021 മുതൽ നടത്തിയ നിയമനം നിരസിച്ച് ഉത്തരവായിരിക്കുന്നു." എന്ന് പറഞ്ഞ് നിരസിച്ചിരിക്കുന്നു. സിസ്റ്റർ സിജി ദേവസിയെ ഈസ്റ്റ് ചേരാനല്ലൂർ ചർച്ച് യുപി സ്കൂളിൽ ജൂനിയർ എൽജി ഹിന്ദി (പാർട്ട് ടൈം) ആയി നിയമിച്ചത് 09/08/2021 മുതലാണ്. 2021-2022 വർഷത്തിന്റെ തസ്തിക നിർണ്ണയം നടന്നിട്ടില്ല. മറിച്ച് 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2021-2022 വർഷവും തുടരാനാണ് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്. ആയതിനാൽ 2019-2020ൽ അനുവദിച്ച എൽ.ജി ഹിന്ദി (പാർട്ട് ടൈം) തസ്തിക 2021-2022 ലും തുടരുന്നതുകൊണ്ടും, 2019-2020 വർഷത്തിൽ ടി സ്കൂൾ ഒരു മതിയായ എണ്ണം കുട്ടികളുള്ള സ്കൂൾ ആയതുകൊണ്ടുമാണ് സിസ്റ്റർ സിജി ദേവസിയെ ജൂനിയർ എൽജി ഹിന്ദി (പാർട്ട് ടൈം) ആയി 09/08/2021 മുതൽ ഈസ്റ്റ് ചേരാനല്ലൂർ ചർച്ച് യു.പി സ്കൂളിൽ ടി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളി 02/08/2021 ൽ ജോലിയിൽ നിന്ന് രാജി വച്ചതു മൂലമുണ്ടായ ഒഴിവിൽ നിയമിച്ചത്. (ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളിയുടെ നിയമനം അംഗീകരിച്ച് ലഭിച്ചിട്ടുണ്ട്). ഇതുകൂടാതെ 2022-2023, 2023-2024 വർഷങ്ങളിൽ ടി സ്കൂൾ നിശ്ചിത എണ്ണം കുട്ടികളുള്ള സ്കൂളായി മാറിയിട്ടുണ്ട്. കൂടാതെ 2021-2022 വർഷം നിശ്ചിത എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനം 01/11/2021 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇവിടെ നിയമനാർത്ഥിയായ സിസ്റ്റർ സിജി ദേവസിയ്ക്ക് ഇപ്പോൾ 42 വയസ്സ് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവർക്ക് മറ്റൊരു നിയമനം നൽകാൻ പ്രായപരിധി അധികരിച്ചിരിക്കുന്നതിനാൽ നിവർത്തിയില്ല. ആയതിനാൽ സിസ്റ്റർ സിജി ദേവസിയുടെ ഈസ്റ്റ് ചേരാനല്ലൂർ ചർച്ച് യു.പി സ്കൂളിലെ ജൂനിയർ എൽജി ഹിന്ദി (പാർട്ട് ടൈം) ആയുള്ള നിയമനം 01/11/2021 മുതൽ ദിവസ വേതനാടിസ്ഥാനത്തിലും 2022-2023 അക്കാദമിക് വർഷം മുതൽ റഗുലർ ശമ്പളസ്കെയിലിലും അംഗീകരിക്കാൻ പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് ഉത്തരവു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ സിസ്റ്റർ. സിജി ദേവസി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

എറണാകുളം അങ്കമാലി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ചർച്ച് യു.പി.എസ്. ഈസ്റ്റ് ചേരാനല്ലൂരിൽ എൽജി ഹിന്ദി (പാർട്ട് ടൈം) അധ്യാപികയായി, ഞാൻ 09/08/2021 മുതൽ നിയമിതയായി. അവിടെ അദ്ധ്യാപികയായിരുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പള്ളി 02/08/2021 ൽ സർവ്വീസിൽ നിന്ന് രാജിവച്ചതിന്റെ ഒഴിവിലേക്കാണ് എന്നെ

നിയമിച്ചത്. തുടർന്ന് ആവശ്യമായ നിയമന അംഗീകാരത്തിനായുള്ള അനുബന്ധരേഖകൾ സമന്വയ മുഖേന പെരുമ്പാവൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. പെരുമ്പാവൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസർ നിയമന അംഗീകാരം നിരസിച്ചതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയുണ്ടായി. പക്ഷേ താഴെ പറയുന്ന കാരണങ്ങളാൽ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടറും റിവിഷൻ അപ്പീൽ നിരസിച്ചു. കാരണങ്ങൾ താഴെ ചേർക്കുന്നു.

- മുമ്പ് ഈ തസ്തികയിൽ ഉണ്ടായിരുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പള്ളിയുടെ നിയമനം, രാജി എന്നിവ അംഗീകരിച്ചിട്ടില്ല. ഇപ്പോൾ ശ്രീമതി ജോയലിൻ ജോസഫ് മാമ്പള്ളിയുടെ നിയമനം, രാജി എന്നിവ അംഗീകരിച്ചിട്ടുണ്ട്.
- പൊതുവിദ്യാഭ്യാസ അഡീഷ്ണൽ ഡയറക്ടറുടെ (അക്കാഡമിക്) നടപടി ഉത്തരവ് നമ്പർ E2/759620/2024/ഡി.ജി.ഇ തീയതി 12/11/2024 പ്രകാരം ടി സ്കൂളിൽ 2021-22 വർഷത്തിൽ മതിയായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ ദിവസവേതന നിയമനം മാത്രമേ നടക്കുകയുള്ളൂ എന്ന് അറിയിച്ചിരുന്നു.
- 2021-22 അധ്യയന വർഷം സ്കൂൾ റെഗുലറായി പ്രവർത്തനം ആരംഭിച്ചത് 01/11/2021 ൽ ആണ്. എന്നാൽ 09/08/2021 മുതൽ നടത്തിയ നിയമനം അംഗീകരിക്കാൻ മാനേജർ സമർപ്പിച്ച അപ്പീൽ നിരസിക്കുന്നു. ഉത്തരവ് നമ്പർ E2/759620/2024/ ഡി ജി ഇ തിയതി 12/11/2024

ഈസ്റ്റ് ചേരാനല്ലൂർ ചർച്ച് യുപി സ്കൂളിൽ ജൂനിയർ എൽജി ഹിന്ദി (പാർട്ട് ടൈം) ആയി എന്നെ നിയമിച്ചത് 09/08/2021 ൽ ആണ്. 2021-2022 വർഷത്തെ തസ്തിക നിർണ്ണയം നടന്നിട്ടില്ല എങ്കിലും 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തുടരാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു. ആയതിനാൽ 2019-2020 ൽ അനുവദിച്ച തസ്തിക തുടരാൻ സാധിക്കുമെന്ന് കാണുന്നു. മാത്രമല്ല ടി വർഷം ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെന്നും അറിയിക്കട്ടെ. കൂടാതെ ഈ അധ്യയന വർഷവും നിശ്ചിത എണ്ണം കുട്ടികളുള്ള വിദ്യാലയമായി മാറിയിട്ടുണ്ടെന്നും അങ്ങയെ ബോധിപ്പിക്കുന്നു. നിലവിൽ 42 വയസ്സ് പൂർത്തിയായ എനിക്ക് മറ്റൊരു നിയമനത്തിന് സാധ്യമാകില്ല. ആയതിനാൽ 01/11/2021 മുതൽ ദിവസവേതന അടിസ്ഥാനത്തിലും, 2022-23 അക്കാദമിക് വർഷം മുതൽ റെഗുലർ ശമ്പള സ്കെയിലിലും അംഗീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

4) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു</u>

എറണാകുളം ജില്ലയിലെ അങ്കമാലി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കു കീഴിലെ പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ പെടുന്ന, ചേരാനെല്ലൂർ ചർച്ച് യു പി സ്കൂളിൽ, ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചർ, തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളി 02/08/2021 ൽ രാജി വച്ച ഒഴിവിലേക്ക്, സിസ്റ്റർ സിജി ദേവസ്സിയെ മാനേജർ 09/08/2021 മുതൽ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചർ ആയി നിയമിച്ചു. സിസ്റ്റർ സിജി ദേവസ്സിയുടെ നിയമനം നടന്നിരിക്കുന്ന ഒഴിവ് സംജാതമാകാൻ കാരണമായി കാണിച്ചിരിക്കുന്ന, ശ്രീമതി ജോയ്സിൻ ജോസഫ് മാമ്പിള്ളിയുടെ നിയമനം, രാജി എന്നിവ അംഗീകരിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ ടി നിയമനം പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർ നിരസിച്ചു. ആയതിനെ തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നു. ചേരാനെല്ലൂർ ചർച്ച് യു പി സ്കൂൾ 2021-22 അദ്ധ്യയന വർഷം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളാണ്. അത്തരത്തിലുള്ള സ്കൂളുകളിൽ, ദിവസവേതന നിയമനം മാത്രമേ സാദ്ധ്യമാകൂ. 2021-22 അദ്ധ്യയന വർഷം, സ്കൂളുകൾ റഗുലർ ആയി പ്രവർത്തനം ആരംഭിച്ചത് 01/11/2021 മുതലാണ്. ആയതിനാൽ നിയമനത്തിയതി മുതലുള്ള ദിവസവേതന നിയമനം അംഗീകരിക്കാൻ സാധിക്കുന്നതല്ല. മാനേജർ ശമ്പളസ്കെയിൽ അടിസ്ഥാനത്തിൽ നടത്തിയ നിയമനവും പരിഗണിക്കാൻ സാധിക്കുന്നതല്ല. മേൽ കാരണത്താൽ സിസ്റ്റർ സിജി ദേവസ്സിയുടെ 09/08/2021 മുതൽ നടത്തിയ നിയമനം അംഗീകരിക്കാൻ മാനേജർ സമർപ്പിച്ച അപ്പീൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ 12/11/2024 ലെ E2/759620/2024/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. 2022 ലെ കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി ചെയ്ത ഉത്തരവ് പ്രകാരം, ഡിവിഷനുകളിലോ തസ്തികകളിലോ വ്യത്യാസം വരുന്ന തരത്തിൽ വിദ്യാർഥികളുടെ എണ്ണം കുറയുന്ന പക്ഷം, തസ്തികനിർണ്ണയം പുനപരിശോധിക്കേണ്ടതാണ് എന്ന് വ്യക്തമാണ്. ആയതിനാൽ, മുൻവർഷം മതിയായ എണ്ണം കുട്ടികൾ ഉണ്ടെങ്കിലും, നിയമനം നടത്തുന്ന വർഷം, കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്ന സാഹചര്യത്തിൽ, ആയതു പരിഗണിക്കേണ്ടതാണ്. അത്തരത്തിൽ, ശമ്പളസ്കെയിൽ നിയമനം സാധ്യമാകുന്നതല്ല. സിസ്റ്റർ സിജി ദേവസ്സിയുടെ നിയമനം, സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത കാലയളവായ 2021-22 വർഷം, 01/11/2021 മുതൽ മാനേജർ നിയമന ശിപാർശ പുനസമർപ്പിക്കുന്ന പക്ഷം, ദിവസവേതനാടിസ്ഥാനത്തിലും, സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള കാലയളവായ 2022-23 അധ്യയന വർഷം മുതൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾക്ക് വിധേയമായി, ദിവസവേതനാടിസ്ഥാനത്തിലും അംഗീകാരം നൽകാവുന്നതാണ്.

5) പ്രസ്തുത വിഷയം നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ചേരാനെല്ലൂർ ചർച്ച് യു.പി സ്കൂൾ 2021-22 അദ്ധ്യയന വർഷം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളാണ്, അത്തരത്തിലുള്ള സ്കൂളുകളിൽ ദിവസവേതന നിയമനം മാത്രമേ സാദ്ധ്യമാകൂ, കൂടാതെ 2021-22 അദ്ധ്യയന വർഷം, സ്കൂളുകൾ റഗുലർ ആയി പ്രവർത്തനം ആരംഭിച്ചത് 01/11/2021 തീയതി മുതലാണ്. ടി സാഹചര്യത്തിൽ ചേരാനെല്ലൂർ ചർച്ച് യു പി സ്കൂളിലെ, ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചർ, തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജോയലിൻ ജോസഫ് മാമ്പിള്ളി 02/08/2021 ൽ രാജി ഒഴിവിലേയ്ക്ക് നിയമിച്ചിട്ടുള്ള സിസ്റ്റർ സിജി ദേവസ്സിയുടെ നിയമനം, 2021-22 കാലയളവിൽ ചർച്ച് യു.പി.എസ് ചേരാനല്ലൂർ മതിയായ എണ്ണം കുട്ടികൾ ഇല്ലാതിരുന്നതിനാൽ, സ്കൂളുകൾ റഗുലർ ആയി പ്രവർത്തനം ആരംഭിച്ച 01/11/2021 മുതൽ ദിവസവേതനാടിസ്ഥാനത്തിലും, സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഉള്ള കാലയളവായ 2022-23 അധ്യയന വർഷം മുതൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പ്രൊവിഷണലായും അംഗീകരിക്കുന്നതിനും പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ അപ്പീൽ തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പെരുമ്പാവൂർ.
സിസ്റ്റർ സിജി ദേവസി, പ്രേഷിതാരം കോൺവെന്റ്, കാലടി പി.ഒ, എറണാകുളം - 683574
കോർപ്പറേറ്റ് മാനേജർ, അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, എറണാകുളം - അങ്കമാലി അതിരൂപത, റിന്യൂവൽ സെന്റർ, കലൂർ -17
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Salim M
Date: 23-06-2025 12:41:35

സെക്ഷൻ ഓഫീസർ